©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 9<br>Vol. IX | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2020 ആഗസ്റ്റ് 25<br>25th August 2020<br>1196 ചിങ്ങം 9<br>9th Chingam 1196<br>1942 ഭാദ്രം 3<br>3rd Bhadra 1942 | നമ്പർ<br>No. | 34 |

# PART III

# Co-operative Department

### പത്തനംതിട്ട ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : എം. ജി. പ്രമീള)

നമ്പർ എ.ഇ.എൽ. 3522/2000. 2020 ജൂലൈ 15.

വിഷയം :—സമാപ്തീകരണം—എ. 261-ാം നമ്പർ തിരുവല്ല താലൂക്ക് മാർക്കറ്റിംഗ് സഹകരണസംഘം ക്ലിപ്തം—അന്തിമ സമാപ്തീകരണം—രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നത്—സംബന്ധിച്ച്.

സൂചന :— (1) ഈ ആഫീസിലെ 22-7-2002-ലെ എസ്.സി.റ്റി.എം.3522/2000 നമ്പർ ഉത്തരവ്.

(2) ഈ ആഫീസിലെ 27-8-2019-ലെ എ. ഇ. എൽ. 3522/2000 നമ്പർ ഉത്തരവ്.

(3) തിരുവല്ല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 8-11-2019-ാം തീയതിയിലെ റ്റി. 1539/2003-ാം നമ്പർ കത്ത്.

എ 261-ാം നമ്പർ തിരുവല്ല താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം)-നെ ഈ ആഫീസിലെ സൂചന (1) ഉത്തരവ് പ്രകാരം സമാപ്തീകരണത്തിനായി ഉത്തരവായിട്ടുള്ളതും തിരുവല്ല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ഇരവിപേരൂർ യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചിരുന്നു. സംഘത്തിന്റെ അന്തിമ പൊതുയോഗം 6-10-2019-ൽ കൂടിയിട്ടുള്ളതാണ്. ലിക്വിഡേറ്റർ ചാർജ്ജെടുത്ത 24-5-2003 മുതൽ 16-10-2019 വരെയുള്ള വരവ് ചെലവ് കണക്ക് രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിനുള്ള ശുപാർശ എന്നിവ പൊതുയോഗം പാസ്സാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ സംഘത്തിന്റെ സമാപ്തീകരണം പൂർത്തീകരിച്ച് സഹകരണ നിയമം വകുപ്പ് 74 പ്രകാരം രജിസ്ട്രേഷൻ റദ്ദു ചെയ്യുന്നതിന് സൂചന (3) പ്രകാരം തിരുവല്ല സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ശുപാർശ ചെയ്ത് അപേക്ഷ സമർപ്പിച്ചിരിക്കുന്നു. സംഘത്തിന്റെ അന്തിമ സമാപ്തീകരണം നടത്തിക്കൊണ്ടുള്ള ലിക്വിഡേറ്ററുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ താഴെ പറയുന്ന വസ്തുതകൾ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സംഘത്തിന്റെ ചാർജ്ജ് 24-5-2003-ൽ ലിക്വിഡേറ്റർ ഏറ്റെടുത്തു. ഏറ്റെടുത്ത തീയതിയിലെ ബാക്കിപത്രം താഴെപറയും പ്രകാരമാണ്.

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി | 66,375.00 | കൈവശം | 62.00 |
| നിക്ഷേപം | 65.25 | ബാങ്ക് | 3867.50 |
| മറ്റ് ഫണ്ടുകൾ | 106069.72 | ഇൻവെസ്റ്റ്മെന്റ് | 12787.50 |
| റിസർവ്വ് ഫണ്ട് | 36.50 | റിസർവ്വ് ഫണ്ട് | 36.50 |
| ഡി.സി.ബി. വായ്പ | 136557.00 | സ്റ്റാഫ് സെക്യൂരിറ്റി | 2000.00 |
| സ്റ്റാഫ് സെക്യൂരിറ്റി | 2100.00 | പലവക | 1340.70 |
| ഇ & സി | 6716.00 | ഡെഡ് സ്റ്റോക്ക് | 10387.97 |
| കൊടുക്കുവാനുള്ള അഡ്വാൻസ് | 500622.32 | ഡെഫിസിറ്റ് സ്റ്റോക്ക് | 2286.20 |
| യു.ഡി.പി. | 109.49 | കിട്ടാനുള്ള അഡ്വാൻസ് | 459995.96 |
| | | അറ്റ നഷ്ടം | 325886.95 |
| ആകെ | 8,18,651.28 | ആകെ | 8,18,651.28 |

സംഘത്തിന് നിയമാനുസൃതം കിട്ടാനുള്ള മുതലുകൾ സമാഹരിക്കുന്നതിനും ബാധ്യതകൾ കൊടുത്തുതീർക്കുന്നതിനും നടപടികൾ സ്വീകരിക്കുകയുണ്ടായി. സംഘത്തിന് ഈടാക്കുവാൻ കഴിയാത്ത മുതലുകൾ എഴുതി തള്ളുന്നതിനും കൊടുത്തു തീർക്കുവാൻ കഴിയാത്ത ബാദ്ധ്യതകൾ കണ്ടുകെട്ടുന്നതിനും സൂചന (2) പ്രകാരം അനുമതി നൽകിയിട്ടുള്ളതാണ്. ലിക്വിഡേറ്ററുടെ അക്കൗണ്ടിൽ ശേഷിച്ച തുക പിൻവലിച്ച് കോമൺ ലിക്വിഡേഷൻ ഫണ്ട്, ലിക്വിഡേഷൻ ചാർജ്ജ് എന്നിവ ഒടുക്കിയിട്ടുണ്ട്.

സംഘത്തിന്റെ വരവു ചെലവു കണക്ക്, ബാക്കിപത്രം എന്നിവ ചുവടെ ചേർക്കുന്നു.

## വരവ് ചെലവ് കണക്ക്

| വരവ് | തുക ₹ | ചെലവ് | തുക ₹ |
|---|---|---|---|
| ഓഹരി (ഡി.സി.ബി. ആലപ്പുഴ) | 6700.00 | ഗവൺമെന്റ് ഷെയർ | 50000.00 |
| പലവക വരവുകൾ | | പിഴപ്പലിശ | 28584.00 |
| കോമൺ ഗുഡ് ഫണ്ടിൽ നിന്നും 78584.00 രൂപ | | ബോറോവിംഗ്സ് | |
| എസ്.ബി.അക്കൗണ്ട് പലിശ 10185.78 | | വായ്പ പത്തനംതിട്ട ഡിസിബി | 12960.50 |
| ഡിവിഡന്റ് 6260.50 | 95029.68 | ബാങ്ക് നിക്ഷേപം | 10185.18 |
| ആകെ | 101729.68 | ആകെ | 101729.68 |
| മുന്നിരിപ്പ് | 27.00 | നീക്കിയിരിപ്പ് | 27.00 |
| ആകെ മൊത്തം | 101756.68 | ആകെ മൊത്തം | 101756.68 |

ബാക്കിപത്രം

| ബാധ്യതകൾ | തുക ₹ | ആസ്തികൾ | തുക ₹ |
|---|---|---|---|
| ഓഹരി എ ക്ലാസ് | 7300.00 | ജനറൽ ഫണ്ട് നിക്ഷേപം | 6087.50 |
| ഓഹരി ബി ക്ലാസ് | 9075.00 | റിസർവ് ഫണ്ട് | 36.50 |
| നിക്ഷേപങ്ങൾ | 65.25 | സ്റ്റാഫ് സെക്യൂരിറ്റി | 2000.00 |
| വായ്പകൾ | 123596.50 | പലവക വരവ് | 1340.70 |
| റിസർവ്വ് ഫണ്ട് | 36.50 | ഡെഡ് സ്റ്റോക്ക് | 10387.97 |
| ക്യാപ്പിറ്റൽ റിസർവ്വ് ഫണ്ട് | 7766.05 | കുറവ് കണ്ട ചരക്കുകൾ | 2286.20 |
| റിസർവ്വ് കിട്ടാത്തതും സംശയാസ്പദ വുമായ ആസ്തികൾക്കുള്ള കരുതൽ | 94341.47 | കിട്ടാനുള്ള അഡ്വാൻസ് | 459995.96 |
| പ്രൊവിഷൻ ഫോർ ഗ്രാറ്റുവിറ്റി | 1676.00 | അറ്റ നഷ്ടം | 260181.27 |
| സ്റ്റോക്ക് ഡെഫിസിറ്റ് | 2286.20 | | |
| സ്റ്റാഫ് സെക്യൂരിറ്റി | 2100.00 | | |
| ഇ & സി | 6716.00 | | |
| കൊടുക്കുവാനുള്ള അഡ്വാൻസ് | 500622.32 | | |
| വീതിക്കാത്ത ലാഭം | 109.49 | | |
| ആകെ | 755690.78 | ആകെ | 742343.10 |

ടി സംഘത്തിലെ ആസ്തി ബാദ്ധ്യതകൾ യഥാസമയം എഴുതി തള്ളിയും കണ്ടുകെട്ടിയതിനും ശേഷമുള്ള ആസ്തി ബാദ്ധ്യതകൾ താഴെ പറയും പ്രകാരമാണ്.

| ബാധ്യത | തുക ₹ | ആസ്തി | തുക |
|---|---|---|---|
| ഇല്ല | .. | ഇല്ല | .. |

ഇതു പ്രകാരം സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കിയിട്ടുള്ള സാഹചര്യത്തിൽ ചുവടെ പറയും പ്രകാരം ഉത്തരവാകുന്നു.

**ഉത്തരവ്**

എ 261-ാം നമ്പർ തിരുവല്ല താലൂക്ക് മാർക്കറ്റിംഗ് സഹകരണ സംഘം (ക്ലിപ്തം)-ന്റെ രജിസ്ട്രേഷൻ കേരള സഹകരണ നിയമം വകുപ്പ് 74 പ്രകാരം റദ്ദ് ചെയ്തുകൊണ്ടും ടി സംഘത്തിന്റെ പേര് സംഘങ്ങളുടെ പട്ടികയിൽനിന്നും നീക്കം ചെയ്തുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. സഹകരണ ചട്ടം 74-ൽ നിഷ്കർഷിച്ചിരിക്കുന്ന വിധം ടി സംഘത്തിന്റെ റിക്കാർഡുകൾ ലിക്വിഡേറ്റർ 3 വർഷക്കാലം സൂക്ഷിക്കേണ്ടതും ആയതിനുശേഷം ഈ ആഫീസിന്റെ അനുമതിയോടുകൂടി നശിപ്പിക്കാവുന്നതുമാണ്.

സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, പത്തനംതിട്ട.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

**ക്ലെയിം നോട്ടീസ്**

[1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72, ചട്ടം 69 (2) പ്രകാരം]

നമ്പർ ജി. 295/2020. 2020 ജൂൺ 8.

എ. 816 ആലപ്പി ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സഹകരണസംഘം (ക്ലിപ്തം), ആലപ്പുഴ ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ന്റെ 15-5-2020-ലെ എച്ച്. എം. 718/20 നമ്പർ ഉത്തരവ് പ്രകാരം ലിക്വിഡേഷനിൽ ആയിട്ടുള്ളതും, ലിക്വിഡേറ്ററായി അമ്പലപ്പുഴ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ആഫീസ് ഇൻസ്പെക്ടർ 1-6-2020 പൂർവ്വാഹ്നത്തിൽ ചാർജ്ജെടുത്തിട്ടുള്ളതുമാണ്. ടി സംഘത്തിന്റെ ആസ്തി ബാധ്യതകളെ സംബന്ധിച്ച് ആർക്കെങ്കിലും എന്തെങ്കിലും അവകാശവാദമോ/ആക്ഷേപമോ ഉണ്ടെങ്കിൽ ആയത് ടി നോട്ടീസ് പരസ്യപ്പെടുത്തിയ തീയതി മുതൽ 2 മാസത്തിനകം ലിക്വിഡേറ്ററെ രേഖാമൂലം അറിയിക്കേണ്ടതാണെന്നും, ടി സംഘത്തിലേക്ക് എന്തെങ്കിലും തുക അടയ്ക്കുവാനുണ്ടെങ്കിൽ ആയത് നേരിൽ വന്ന് അടച്ച് രസീത് കൈപ്പറ്റേണ്ടതാണെന്നും എല്ലാ സംഘാംഗങ്ങളെയും പൊതുജനങ്ങളെയും അറിയിക്കുന്നു.

മേൽപ്പറഞ്ഞ അവധിയ്ക്കുശേഷം ലഭിക്കുന്ന യാതൊരു അവകാശവാദങ്ങളും പരിഗണിക്കുന്നതല്ലെന്നും അറിയിക്കുന്നു.

(ഒപ്പ്)
ലിക്വിഡേറ്റർ,
എ. 816 ആലപ്പി ഡിസ്ട്രിക്ട്
കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ
സഹകരണസംഘം (ക്ലിപ്തം)/
ആഫീസ് ഇൻസ്പെക്ടർ.

സഹകരണ സംഘം
അസിസ്റ്റന്റ് രജിസ്ട്രാർ
(ജനറൽ) ഓഫീസ്, അമ്പലപ്പുഴ.

---

## REGISTRATION CERTIFICATE

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Societies the particulars which are furnished in the categorical statements are registered by me today as a Co-operative Society under the said Act on the basis of limited liability and that the byelaws of the undermentioned Societies are also hereby registered under the said section.

### Categorical Statements

(1)

No. O(1) 6136/2017. *29th June 2020.*

1. Name and Number of the Society—Keerampara Multi Purpose Co-operative Society Limited E1422.
2. Date of Registration—29-6-2020.
3. Address—Punnekkadu, Keerampara P. O., Pin-686 681.
4. Liability—Limited.
5. Area of Operation—Whole area of Keerampara Panchayat in Kothamangalam Taluk in Ernakulam District.
6. Main Object—To promote thrift, self help mutual help and co-operation among members.
7. Type of Society—Multi-purpose Co-operative Societies-Not Applicable, as per Rule 15-13.
8. Authorized Share Capital—1875000.
9. Maximum borrowing power—150 times of paid up Share Capital + Reserve Fund.

(2)

No. O (1) 7975/2018. *13th July 2020.*

1. Name and Number of the Society— Cheranalloor Social Welfare Co-operative Society Limited E1423
2. Date of Registration —13-7-2020.
3. Address—Cheranalloor P. O., Pin-683 544.
4. Liability—Limited.
5. Area of Operation—Whole area of Koovappady, Okkal, Mudakkuzha, Vengoor, Asamannoor, Rayamangalam Panchayaths and Perumbavoor Municipality in Kunnathunadu Taluk in Ernakulam District.
6. Main Object—To promote thrift, self help, mutual help and co-operation among members
7. Type of Society—Miscellaneous Societies—(1) Social Welfare Societies-Better Living Societies, Literary Societies and Welfare Societies, as per Rule 15-12(1).
8. Authorized Share Capital—20000000.
9. Maximum borrowing power—150 times of paid up Share Capital + Reserve Fund.

Office of the Joint Registrar of
Co-operative Societies (General), (Sd.)
Ernakulam. *Joint Registrar (General).*

## രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

നമ്പർ ഒ. 7572/2019/ആർ.ഡിസ്. 2020 ജൂൺ 5.

1969-ലെ കേരള സഹകരണ സംഘം ആക്ട് (1969-ലെ 21-ാം നമ്പർ ആക്ട്) 7-ാം വകുപ്പനുസരിച്ച് എന്നിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് സാക്ഷ്യപ്പെടുത്തുന്നതെന്തെന്നാൽ തൃശ്ശൂർ ജില്ലയിൽ ചാലക്കുടി താലൂക്കിൽ (തപാലാഫീസ് ചാലക്കുടി) ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം ഇന്നേദിവസം പ്രസ്തുത ആക്ടനുസരിച്ച് ക്ലിപ്ത ബാധ്യതയോടുകൂടിയ ഒരു സഹകരണ സംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു. പ്രസ്തുത വകുപ്പനുസരിച്ച് മേൽപ്പറഞ്ഞ സംഘത്തിന്റെ നിബന്ധനകളും രജിസ്റ്റർ ചെയ്യപ്പെട്ടിരിക്കുന്നു.

<u>തരംതിരിച്ചുള്ള പട്ടിക</u>

1. സംഘത്തിന്റെ നമ്പരും പേരും—ആർ. 1547 ഫാർമേഴ്സ് സോഷ്യൽ വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം
2. രജിസ്റ്റർ ചെയ്ത തീയതി—5-6-2020.
3. മേൽവിലാസം—ചാലക്കുടി പി. ഒ., തൃശ്ശൂർ-680 307.
4. പ്രവർത്തന പരിധി—ചാലക്കുടി മുനിസിപ്പാലിറ്റി, അതിരപ്പിള്ളി, പരിയാരം, കോടശ്ശേരി, മേലൂർ, കൊരട്ടി, കാടുകുറ്റി, കൊടകര ഗ്രാമപഞ്ചായത്തു പ്രദേശങ്ങൾ
5. ബാധ്യത—ക്ലിപ്തം.
6. പ്രധാന ഉദ്ദേശ്യം—അംഗങ്ങളുടെ ഉന്നമനത്തിനും സാമൂഹ്യ പുരോഗതിക്കും.
7. അംഗീകൃത ഓഹരി മൂലധനം—

| | | | |
|---|---|---|---|
| 'എ' ക്ലാസ്സ് | ₹ 250 × 20000 | = | ₹ 50,00,000 |
| 'ബി' ക്ലാസ്സ് | ₹ 5000 × 1000 | = | ₹ 50,00,000 |
| 'സി' ക്ലാസ്സ് | ₹ 25 × 20000 | = | ₹ 5,00,000 |
| | ആകെ | = | ₹ 1,05,00,000 |

8. സംഘത്തിന്റെ തരം—സാമൂഹ്യക്ഷേമം റൂൾ 15 (12)(1).
9. പരമാവധി വാങ്ങാവുന്ന കടം—പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റേയും കരുതൽ ധനത്തിന്റേയും 150 ഇരട്ടി.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, തൃശ്ശൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

## കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : എം. കെ. ദിനേശ്ബാബു)

നമ്പർ 892/2020/എ.ഇ.എൽ. 2020 മേയ് 29.

<u>വിഷയം:</u>—കണ്ണൂർ ജില്ലാ എൻജിനീയറിംഗ് ആന്റ് ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ സി-1483 പ്രവർത്തന രഹിതമായതിനാൽ സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ടും, ലിക്വിഡേറ്ററെ നിയമിച്ചുകൊണ്ടും ഉത്തരവാകുന്നത്—സംബന്ധിച്ച്.

<u>സൂചന</u>:— (1) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കണ്ണൂരിന്റെ 13-3-2020-ലെ 406/2020/കെ2 നമ്പർ കത്ത്

(2) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), കണ്ണൂരിന്റെ 13-3-2020-ലെ 406/2020/കെ2 നമ്പർ റിപ്പോർട്ട്.

കണ്ണൂർ ജില്ലാ എൻജിനീറിംഗ് ആന്റ് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ സി-1483 പ്രവർത്തന രഹിതമാണെന്നും 10-11-2019 മുതൽ സംഘത്തിൽ ഭരണസമിതി ഇല്ലെന്നും അഡ്മിനിസ്ട്രേറ്ററെ നിയമിച്ചുവെങ്കിലും ചാർജ് എടുക്കാൻ സാധിച്ചില്ലെന്നും സംഘം പുനരുജ്ജീവനത്തിന് യാതൊരു സാദ്ധ്യതയുമില്ലെന്നും സൂചന റിപ്പോർട്ടുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. സംഘം പ്രവർത്തനം പൂർണ്ണമായി നിലച്ചതിനാലും പുനരുജ്ജീവനത്തിന് സാദ്ധ്യതയില്ലാത്തതാണ് എന്ന് ബോദ്ധ്യപ്പെട്ടതിനാലും സമാപ്തീകരണമാണ് ഉചിതമെന്നു കാണുന്നു.

അസിസ്റ്റന്റ് രജിസ്ട്രാറുടെ റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും കണ്ണൂർ ജില്ലാ എൻജിനീയറിംഗ് ലേബർ കോൺട്രാക്ട് സഹകരണസംഘം ക്ലിപ്തം നമ്പർ സി 1483-ന്റെ പ്രവർത്തനം കേരള സഹകരണ നിയമം വകുപ്പ് 71(1) (ബി) പ്രകാരം സമാപ്തീകരിച്ചുകൊണ്ടും കേരള സഹകരണസംഘം വകുപ്പ് 72(1) പ്രകാരം കണ്ണൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിലെ കണ്ണൂർ-2 യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

ലിക്വിഡേറ്റർ ചുമതലയേറ്റെടുത്ത വിവരം യഥാസമയം ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കണ്ണൂർ.

(ഒപ്പ്)
ജോയിന്റ് രജിസ്ട്രാർ (ജനറൽ).

Gaz. No. 34/2020/DTP (Co-operative).